പ്രതികരണം

റഹ്മാൻ മധുരക്കുഴി

# രാജ്യസ്നേഹത്തിലും ഇരട്ടത്താപ്!

ഒരു മതവും അന്യമത വിദ്വേഷം പഠിപ്പിക്കുന്നില്ല. തീവ്രവാദവും ഭീകരവാദവും മതങ്ങളുടെ അജണ്ടയല്ല. കരുണ, സ്നേഹം, സാഹോദര്യം എന്നീ സദ്ഗുണങ്ങളാണ് മതങ്ങൾ മനുഷ്യനിൽ ഉത്തേജിപ്പിക്കുന്നത്. മതത്തോട് ആഭിമുഖ്യം പുലർത്താത്ത ഭൗതിക ദർശനമായ മാർക്സിസത്തിന്റെ പ്രബോധകർ പോലും ഇക്കാര്യം തുറന്നു സമ്മതിക്കുന്നു: "കാരുണ്യം, സഹിഷ്ണുത, സമസൃഷ്ടി സ്നേഹം എന്നിവയാണ് എല്ലാ മതങ്ങളും പഠിപ്പിക്കുന്നത്. യഥാർഥ മുസ്‌ലിംകളിൽ ദയ, സ്നേഹം, സഹിഷ്ണുത എന്നൊക്കെ വിളിച്ചുവരുന്ന വികാരമാണ് മുറ്റിനിൽക്കുന്നത്. മതം അവർക്ക് നൽകിയ അമൂല്യ സംഭാവനയാണിതൊക്കെ" (*ദേശാഭിമാനി* മുഖപ്രസംഗം 7.7.1994). ഇപ്പറഞ്ഞതിന് വിരുദ്ധമായി അന്യമത വിദ്വേഷത്തിന്റെയും ശാത്രവത്തിന്റെയും തീവ്രവാദത്തിന്റെയും സമരകാഹളമാണ് മതവിശ്വാസികളെന്നവകാശപ്പെടുന്നവർ മുഴക്കുന്നതെങ്കിൽ മതങ്ങൾ ഒരിക്കലും അതിലെ പ്രതികളല്ല.

എന്നാൽ, ഒരു പ്രത്യേക മതവിഭാഗത്തിൽ പെട്ടവരുടെ അരുതാത്ത ചെയ്തികളുടെ പാപഭാരം മൊത്തം മതസമൂഹത്തിൽ വെച്ചുകെട്ടി, ആ മതവിഭാഗത്തെ കരിവാരിത്തേക്കുന്ന വഴിവിട്ട രീതി ചിലർ അറിഞ്ഞോ അറിയാതെയോ അവലംബിച്ചുവരുന്നു. അറിയപ്പെടുന്ന കോളമിസ്റ്റായ കെ.എം. റോയിയുടെ ലേഖനത്തിലെ (*മംഗളം* 3.11.08) ചില പരാമർശങ്ങൾ ഈ ഗണത്തിൽ പെടുന്നു. റോയ് എഴുതുന്നു: "മതവിശ്വാസത്തിന് വേണ്ടി അന്യരെന്ന മനുഷ്യ സഹോദരങ്ങളെ കൊന്നുവീഴ്ത്തിയതിനു ശേഷം മരണമടഞ്ഞാൽ അത് സ്വർഗത്തിലേക്കുള്ള പാസ്പോർട്ടാകുമെന്ന് വിശ്വാസ ഭ്രാന്തിനടിമപ്പെട്ടവർ കരുതുന്നു. കൊന്നു വീഴ്ത്തുന്ന നിരപരാധികളുടെ രക്തത്തിൽ മുങ്ങി സ്വർഗത്തിൽ ചെന്നാൽ സുഖലോലുപതയിൽ മുങ്ങി അനന്തകാലം അവിടെ ജീവിക്കാമെന്ന വിശ്വാസം മനസിലുറപ്പിച്ചാൽ പിന്നെ ഇഹലോക ജീവിതത്തിന് എന്തർഥം? പിന്നെ ഭീകരവാദിയാവാൻ എന്തിന് ഭയപ്പെടണം?"

ലേഖകൻ ഉദ്ധരിച്ചതുപോലുള്ള വിശ്വാസം, ശാന്തിയുടെയും സമാധാനത്തിന്റെയും മതമായ ഇസ്‌ലാമിൽ മുങ്ങിത്തെരഞ്ഞാൽ കണ്ടെത്താനാവില്ല. "(സത്യവിശ്വാസികൾ) അല്ലാഹു ആദരിച്ച ഒരു ജീവനെയും നശിപ്പിക്കുകയില്ല" എന്ന് വിശുദ്ധ ഖുർആൻ (25:68) അസന്ദിഗ്ധമായി പ്രഖ്യാപിച്ചിട്ടുണ്ട്. "ഒരു മുസ്‌ലിമിന്റെ രക്തം എത്രമാത്രം പരിശുദ്ധമാണോ അത്രതന്നെ പരിശുദ്ധമാണ് അമുസ്‌ലിം പൗരന്റെ രക്തവും" എന്നാണ് പ്രവാചകൻ പഠിപ്പിച്ചത്. "അന്യായമായി ഒരാളെ വധിക്കുന്നത് മനുഷ്യവംശത്തെ മുഴുവൻ വധിക്കുന്നതിന് തുല്യമാണെ"ന്നാണ് ഖുർആന്റെ (5:32) അധ്യാപനം. അന്യമത സഹോദരങ്ങളെ കൊന്ന് മരണമടഞ്ഞാൽ അത് സ്വർഗത്തിലേക്കുള്ള പാസ്പോർട്ടാണെന്നല്ല; പ്രത്യുത, ഒരു അമുസ്‌ലിം പൗരനെ അപായപ്പെടുത്തുന്നവൻ സ്വർഗത്തിന്റെ ഗന്ധം പോലും അനുഭവിക്കുകയില്ല എന്നാണ് പ്രവാചകൻ താക്കീത് ചെയ്തത്.

## മദ്റസകൾ തീവ്രവാദ കേന്ദ്രങ്ങളോ?

മദ്റസകൾ തീവ്രവാദ പഠനകേന്ദ്രങ്ങളാണെന്ന് തീവ്രവാദത്തെക്കുറിച്ചുള്ള വാർത്തകൾ കൊടുമ്പിരിക്കൊള്ളുമ്പോൾ ചിലർ തട്ടിവിടുന്നു. അസംബന്ധ ജടിലമായ ആരോപണമാണിത്. മദ്റസാ പാഠപുസ്തകങ്ങളിലെ പാഠഭാഗങ്ങൾ ഉദ്ധരിച്ചുകൊണ്ടല്ല വിമർശകർ ഈ ആരോപണം ഉന്നയിക്കുന്നത്. അന്യമത വിദ്വേഷത്തിന്റെയോ തീവ്രവാദ ചിന്തയുടെയോ പരാമർശം അശേഷം അവയിൽ കണ്ടെത്താനാവില്ല. "മനുഷ്യരോട് കരുണ കാണിക്കാത്തവരോട് അല്ലാഹു കരുണ കാണിക്കുകയില്ല" (സ്വഭാവ പാഠങ്ങൾ 5-ാം തരം), "മുസ്‌ലിംകളുമായി സൗഹാർദത്തിൽ കഴിയുന്ന ഒരു അമുസ്‌ലിമിനെ വധിക്കുന്നവന് സ്വർഗത്തിന്റെ വാസന പോലും ലഭിക്കുകയില്ല" (സ്വഭാവ പാഠങ്ങൾ 4-ാം തരം), "ഭൂമിയിലുള്ളവരോട് കരുണ ചെയ്യുവിൻ. എങ്കിൽ ആകാശത്തുള്ളവൻ നിങ്ങളോട് കരുണ ചെയ്യും" (ഹദീസ് പഠനം, പാഠം 18, പേജ് 56) എന്നീ പാഠഭാഗങ്ങൾ ചില ഉദാഹരണങ്ങൾ മാത്രം.

ഇവിടെ ചിലർ വൃഥാ ആരോപിക്കുന്നതു പോലെ, മദ്റസകളിൽനിന്ന് ലഭിക്കുന്നത് തീവ്രവാദത്തിന്റെ അനാശാസ്യ പാഠമാണെങ്കിൽ, 'ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറ്റവും കൂടുതൽ ഇസ്‌ലാമിക സംഘടനകളും സ്ഥാപനങ്ങളും മതബോധവുമുള്ള കേരളമാണ് വർഗീയ കലാപങ്ങൾ ഏറ്റവും കുറഞ്ഞതും ജീവിക്കാൻ ഏറ്റവും സുരക്ഷിതത്വമുള്ളതുമായ സ്ഥലം' എന്ന ഇന്റലിജൻസ് ബ്യൂറോ റിപ്പോർട്ടിന്റെ (*ഇന്ത്യൻ എക്സ്പ്രസ്* 2002, നവംബർ 19) അർഥമെന്താണാവോ!

സംസ്ഥാനത്ത് ഏറ്റവുമധികം മദ്റസകളും പള്ളികളും കൂടുതലുള്ള, 'മലപ്പുറം ജില്ലയിലെ ഭൂരിപക്ഷം മുസ്‌ലിംകളും തീവ്രമായ മതവികാരത്തിനോ വിഭാഗീയ ചിന്തക്കോ വശംവദരല്ലാതെ' (*ദേശാഭിമാനി* 14.1.2002) പോയതിന്റെ രഹസ്യമെന്താണ്? മദ്റസകളിലെ പാഠ്യവിഷയം

തീവ്രവാദമാണെങ്കിൽ മദ്റസകളിൽ മതവിദ്യാഭ്യാസം നേടിയ അബുൽ കലാം ആസാദ്, ഡോ. സക്കീർ ഹുസൈൻ, ഖാൻ അബ്ദുൽ ഗാഫർ ഖാൻ തുടങ്ങി രാജ്യംകണ്ട ഒട്ടേറെ മുസ്‌ലിം പ്രമുഖർ എന്തുകൊണ്ട് തീവ്രവാദികളായില്ല?

മാർക്സിസ്റ്റ് ചിന്തകൻ കെ.ഇ.എൻ കുഞ്ഞഹമ്മദ് എഴുതുന്നു: "കുട്ടിക്കാലത്ത് മദ്റസയിൽ പഠിക്കുന്നവരൊക്കെയും മൗലവിമാരായി മാറുന്നില്ല. അവരെല്ലാവരും മതവിശ്വാസികൾ പോലുമായി മാറുന്നില്ല. കുട്ടിക്കാലത്ത് ഞാനും മദ്റസയിൽ പോയിട്ടുണ്ട്. എന്നെ പോലെ നിരവധി കുട്ടികൾ പിന്നീട് മതരഹിതരായി മാറി പോയിട്ടുണ്ട്. അതുപോലെ ചിലർ തീവ്രമത വിശ്വാസികളായിട്ടുണ്ട്. ഏതെങ്കിലും ഒരു മതവിശ്വാസത്തിന്റെ പ്രചാരണ സ്വാതന്ത്ര്യത്തെതന്നെ സംശയത്തിന്റെ കുന്തമുനയിൽ കയറ്റിനിർത്താൻ ഇടം നൽകുംവിധം കാര്യങ്ങളെയാകെ കൂട്ടികുഴച്ച് അവിയൽ രീതിയിൽ അവതരിപ്പിക്കുന്നത് അരക്ഷിതത്വം അടിച്ചേൽപിക്കലായിരിക്കും" (*മംഗളം* 4.11.08).

അന്യമത വിദ്വേഷത്തിന്റെ വിഷവിസർജനവുമായി നാടെങ്ങും ഓടി നടക്കുന്ന പ്രവീൺ തൊഗാഡിയയും അശോക് സിംഗാളും നരേന്ദ്ര മോഡിയും ഉമാ ഭാരതിയുമൊക്കെ ഏത് മദ്റസകളിൽനിന്നാണാവോ കൊടുംഭീകരവാദം വശമാക്കിയത്. "മതനിരപേക്ഷതയെന്നത് മദ്റസകളിലെ അലിഫിനെയും ലാമിനെയും രാജ്യദ്രോഹികളും, ആർ.എസ്.എസ് ശാഖകളിലെ ദണ്ഡിനെയും വാളിനെയും രാജ്യസ്നേഹികളുമായി മാറ്റുന്ന ഒരു ഇന്ദ്രജാലത്തിന്റെ പേരല്ലെന്ന് മനുഷ്യസ്നേഹികളെങ്കിലും മറക്കരുതെന്ന" കെ.ഇ.എന്നിന്റെ താക്കീത് ഇവിടെയാണ് ശ്രദ്ധേയമാവുന്നത്.

## ഭീകരതാവിരുദ്ധതയിലെ ഇരട്ടത്താപ്പ്

ഭീകരവാദത്തിനും തീവ്രവാദത്തിനും ഇസ്‌ലാംമതവുമായി യാതൊരു ബന്ധവുമില്ലെന്നും അതിനെതിരെ ജനകീയ കൂട്ടായ്മ ഉയർന്നുവരണമെന്നും രാജ്യത്തെ പ്രമുഖ മുസ്‌ലിം സംഘടനകൾ അത്യുച്ചത്തിൽ വിളിച്ചു പറഞ്ഞുകൊണ്ടിരിക്കുന്നു. "സമാധാനത്തിന്റെയും സ്നേഹത്തിന്റെയും മതമായ ഇസ്‌ലാമിന്റെ സകല പാഠങ്ങളും തള്ളിക്കളയുന്നതാണ് ഭീകരപ്രവർത്തനമെന്ന്" ഇന്ത്യൻ മുസ്‌ലിംകളുടെ ആധികാരിക പണ്ഡിത സഭയായ ദയൂബന്ദിലെ പണ്ഡിതന്മാർ ഫത്‌വ നൽകുന്നു. "ഇന്ത്യയുടെ താൽപര്യങ്ങൾ അറിയുന്നതിലും സംരക്ഷിക്കുന്നതിലും ഇന്ത്യൻ മുസ്‌ലിംകൾ ഹിന്ദുക്കളേക്കാൾ ഒട്ടും പിന്നിലല്ലെന്ന്" (*മാതൃഭൂമി* 10.03.08) പ്രശസ്ത പത്രപ്രവർത്തകൻ കുൽദീപ് നയാർ നിരീക്ഷിക്കുന്നു.

ഇതൊക്കെയാണ് യാഥാർഥ്യമെന്നിരിക്കെ, "എല്ലാ മുസ്‌ലിംകളെയും ഭീകരവാദത്തെ പിന്തുണക്കുന്നവരായി മുദ്രകുത്തുന്നു. ഇത് തികച്ചും ഭ്രാന്താണ്" (ടി.വി.ആർ ഷേണായ്, *മാതൃഭൂമി* 21.9.08). എന്നാൽ ഈ ഭ്രാന്ത് ഇവിടെ നിഷ്കരുണം ആവർത്തിക്കുന്നുവെന്ന് മാത്രമല്ല, ക്രൂരമായി ഇരകളാക്കപ്പെടുന്ന മുസ്‌ലിം സമൂഹം തങ്ങളുടെ നിരപരാധിത്വം അത്യുച്ചത്തിൽ വിളിച്ചുപറഞ്ഞുകൊണ്ടേയിരിക്കണമെന്ന് ഇവിടെ ചില 'രാജ്യസ്നേഹികൾ' ശഠിക്കുകയാണ്. "എന്തുകൊണ്ട് ഈ മുസ്‌ലിം മഹാഭൂരിപക്ഷം നിശ്ശബ്ദ ഭൂരിപക്ഷമായി തുടരുന്നു? അതത് സമയം മുസ്‌ലിം പുരോഹിതർ തീവ്രവാദത്തെ നിന്ദിക്കും. പക്ഷേ, ഇത്തരം അപൂർവമായ ചിലയ്ക്കലുകൾ അപര്യാപ്തമാണ്. ഇന്ത്യയിലങ്ങോളമിങ്ങോളമുള്ള പള്ളികളിലെ പ്രസംഗപീഠങ്ങളിൽനിന്ന് വെള്ളിയാഴ്ച പ്രബോധനങ്ങളിൽ മുസ്‌ലിം തീവ്രവാദികൾ രൂക്ഷമായി വിമർശിക്കപ്പെടണം. ഇത് ഒന്നോ രണ്ടോ തവണ ചെയ്താൽ പോര. അങ്ങേയറ്റത്തെ സംശയാലുവിനും ബോധ്യപ്പെടുന്നതുവരെ വർഷങ്ങളോളം തുടരണം" (*മാതൃഭൂമി* 23.9.08).

രാജ്യത്ത് നടക്കുന്ന ഭീകര പ്രവർത്തനങ്ങളെ ഇവിടത്തെ ഒരൊറ്റ മുസ്‌ലിം സംഘടനയും പിന്തുണക്കുന്നില്ലെന്നു മാത്രമല്ല, ശക്തമായി എതിർക്കുകതന്നെ ചെയ്യുന്നു. കണ്ണൂർ മൈതാനപള്ളി സഫിയയും, പരപ്പനങ്ങാടി സെയ്തിന്റെ വീട്ടുകാരും ഭീകരപ്രവർത്തന പങ്കാളിത്തത്തിൽ കൊല്ലപ്പെട്ടുവെന്ന് പറയപ്പെടുന്ന മക്കളുടെ മൃതദേഹങ്ങൾ കാണാൻ പോലും കൂട്ടാക്കിയില്ല. എന്നാൽ മാലേഗാവ് സ്ഫോടനത്തിൽ കുറ്റവാളിയായി അറസ്റ്റിലായ പ്രജ്ഞാ എന്ന ആർ.എസ്.എസ് സന്യാസിനിയുടെ അഛനാവട്ടെ, മകളെ തള്ളിപ്പറയാൻ കൂട്ടാക്കിയില്ലെന്നു മാത്രമല്ല, സ്വന്തം വീട്ടിൽ മറ്റു ദൈവങ്ങളുടെ ചിത്രങ്ങൾക്കൊപ്പം മകളുടെ ചിത്രവും വെച്ച് പൂജിക്കുകയാണ് ചെയ്യുന്നത്! മതത്തെ സംരക്ഷിക്കാനുള്ള ത്യാഗവും ആത്മാർഥതയും മകളെ തന്നെക്കാൾ മുകളിലെത്തിച്ചെന്നും, അവളുടെ വിജയത്തിനായി താൻ പ്രാർഥിക്കുമെന്ന് പ്രശംസിക്കാൻ പോലും 'രാജ്യസ്നേഹി'യായ ആ അഛൻ 'ധൈര്യം' കാണിച്ചുകളഞ്ഞു!

മുസ്‌ലിം സംഘടനകളിൽനിന്നും വ്യത്യസ്തമായി, മാലേഗാവ് സ്ഫോടനത്തിനു പിന്നിൽ പ്രവർത്തിച്ചവരെ ന്യായീകരിച്ചുകൊണ്ട് അവരുടെ സംരക്ഷണത്തിനായി സംഘ്പരിവാരങ്ങൾ രംഗത്തുവരുന്ന കാഴ്ചയാണ് നാം കാണുന്നത്. ദൽഹി ജാമിഅ നഗർ ഏറ്റുമുട്ടലിനെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന ജനകീയ ആവശ്യത്തെ ശക്തമായി എതിർക്കുന്ന ബി.ജെ.പി, ഒറീസ്സയിൽ ക്രിസ്ത്യൻ ആരാധനാലയങ്ങൾക്ക് തീയിട്ടതിനും ക്രിസ്ത്യാനികളെ കൂട്ടക്കൊല ചെയ്തതിനും ഉത്തരവാദികളായ ബജ്റംഗ്ദളിനെതിരെ നടപടിയെടുക്കുന്നതിനെ എതിർക്കുകയും "മാലേഗാവ് സ്ഫോടന കേസ് പ്രതികൾക്ക് നിയമസഹായം നൽകാനുള്ള ശിവസേനയുടെ തീരുമാനത്തിന് പിന്തുണ പ്രഖ്യാപിക്കുകയും ചെയ്തിരിക്കുന്നു" (*മാതൃഭൂമി* 2.11.08). മാലേഗാവ് സ്ഫോടന കേസ് പ്രതികൾക്ക് നിയമസഹായം നൽകുന്നതിന് ആർ.എസ്.എസ്സും പിന്തുണ പ്രഖ്യാപിച്ചിരിക്കുകയാണ് (*മാതൃഭൂമി* 2.11.08). മാലേഗാവ് സ്ഫോടനത്തിന് പിന്നിൽ പ്രവർത്തിച്ചതായി മഹാരാഷ്ട്ര ഭീകരവിരുദ്ധ സ്ക്വാഡ് കണ്ടെത്തിയ 'അഭിനവ് ഭാരത്' എന്ന ഹൈന്ദവ വർഗീയ സംഘടനയുടെ നേതാവ് ഹിമാനി സർക്കാർ പറഞ്ഞത് 'മാലേഗാവിൽ നടന്നത് ആക്ഷനല്ല; റിയാക്ഷനാണ്' എന്നായിരുന്നു.

മുസ്‌ലിം സമൂഹത്തെ മൊത്തം തീവ്രവാദിപ്പട്ടികയിലുൾപ്പെടുത്തി നിരന്തരം കല്ലെറിയുകയും തങ്ങളുടെ ഭീകരപ്രവർത്തനങ്ങളെ പ്രതിപ്രവർത്തനം മാത്രമായി മഹത്വവത്കരിക്കുകയും ചെയ്യുന്ന കുതന്ത്രമാണ് സംഘ്പരിവാരങ്ങൾ ഇവിടെ നിർവിഘ്നം പയറ്റുന്നത്. "മുസ്‌ലിംകളോ മാവോയിസ്റ്റുകളോ അല്ലാത്ത ഭീകരവാദികൾ ഈ രാജ്യത്തില്ലേ? അവർ രാകി മിനുക്കുന്ന വെട്ടുകത്തികൾ വെട്ടിമുറിച്ച് വെണ്ണ പുരട്ടാനുള്ള മേശക്കത്തികളാണോ? അവർ ഉണ്ടാക്കുന്ന ബോംബുകൾ ഇടക്കിടെ പൊട്ടിത്തെറിക്കുമ്പോൾ അവർക്ക് സംഭവിക്കുന്ന ദേഹാപായം മാത്രം ആണോ അവർക്ക് വേണ്ട ശിക്ഷ?" എന്ന ബാബു പോളിന്റെ ചോദ്യത്തിന് രാജ്യത്തെ മഹാഭൂരിപക്ഷം വരുന്ന മതേതര വിശ്വാസികൾ ഉത്തരം കാണേണ്ടതുണ്ട്. ■